# സ്കൂൾ വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ നൽകി



വടക്കേ വാഴക്കുളം ഗവ. യു.പി. സ്കൂൾ വിദ്യാർഥികൾക്ക്, എം.ഇ.എസ്. കോളജ് പ്രിൻസിപ്പൽ ഡോ. ബിജു പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു

**പെരുമ്പാവൂർ**: വടക്കേ വാഴക്കുളം ഗവ. യു.പി. സ്കൂൾ വിദ്യാർഥികൾക്ക്, എം.ഇ.എസ്. കോളജ് വിദ്യാർഥികളും മാനേജ്മെന്റും ചേർന്ന് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

യൂണിഫോം, ബാഗ് എന്നിവയും നൽകി.

സമ്മേളനം പഞ്ചായത്തംഗം സരോജിനി ശങ്കരൻ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ.ബിജു, സ്വപ്ന ബഷീർ, സ്കൂൾ ഹെഡ്മിസ്ട്രസ് മിനി മാത്യു, വിഷ്ണു നമ്പൂതിരി എന്നിവർ സംസാരിച്ചു.

# ജുജിറ്റ്സുവിൽ മലയാളി പെൺകരുത്ത്

• സ്വന്തം ലേഖിക

കണ്ണൂർ > അങ്കച്ചുവടുകളൊന്നും പിഴയ്ക്കാത്ത ഉണ്ണിയാർച്ചയുടെ വീരഗാഥകളിലാണ് പെൺപോരാട്ടത്തിന്റെ കഥകൾ ആദ്യം ഇവർ കേട്ടത്. എന്നാൽ ഇവരുടെ പേരുകൾ ചരിത്രത്തിൽ കുറിക്കുന്നത് പുതിയൊരു ആയോധനകലയെ കേരളത്തിന് പരിചയപ്പെടുത്തിയതിന്റെ പേരിലാണ്. ജാപ്പനീസ് ആയോധന കലയായ ജുജിറ്റ്സുവിൽ തിളങ്ങിയ പെൺപട ദേശീയ മത്സരത്തിൽ എട്ട് മെഡലുമായാണ് മടങ്ങിയത്.

ജപ്പാനിൽ പിറവികൊണ്ട ജുജിറ്റ്സുവിൽ ആദ്യമായാണ് മലയാളികൾ അംഗീകാരം നേടുന്നത്. കേരളത്തെ പ്രതിനിധീകരിച്ച് 12 പേരടങ്ങുന്ന ടീമാണ് ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്. ആലുവ മാറമ്പള്ളി എംഇഎസ് കോളേജിലെ എട്ട് ബിരുദ വിദ്യാർഥിനികളാണ് നേട്ടം കേരളത്തിലേക്ക് എത്തിച്ചത്. കണ്ണൂർ അഞ്ചരക്കണ്ടി സ്വദേശിനികളായ അർഷ, കീർത്തന, ശ്രീകണ്ഠപുരം സ്വദേശിനികളായ ഷനില, പി പി രേഖ, ചെറുപുഴ സ്വദേശിനി ചിഞ്ചു, വടകര സ്വദേശിനി അനഘ, പാലക്കാട് സ്വദേശിനി നിഷ, നീലേശ്വരം സ്വദേശിനി ശരണ്യ എന്നിവരാണ് വിജയികളായത്. അഞ്ച് സ്വർണവും രണ്ട് വെള്ളിയും ഒരു വെങ്കലവുമാണ് നേടിയത്. കോളേജിലെ കായികാധ്യാപകൻ കെ ജി ഹനീഫയാണ് പരിശീലകൻ.

ജാപ്പനീസ് ആയോധനകലകളിൽ ഏറെ വൈവിധ്യമുള്ള ഇനമാണ് ജുജിറ്റ്സു. കിക്ക് ബോക്സിങ്, റസ്‌ലിങ്, ജൂഡോ എന്നീ മൂന്ന് ഇനങ്ങൾ ചേർന്നാണ് ജുജിറ്റ്സു രൂപം കൊള്ളുന്നത്. ജൂഡോയുടെ വസ്ത്രമിട്ട് ഗ്രൗണ്ടിൽ ഇരുന്ന് പരിശീലിക്കുന്നതിനെ നീവാസെന്നും ടൈറ്റ്സിൽ പരിശീലിക്കുന്നതിനെ നോനീവാസെന്നും രണ്ട് ഇനങ്ങളായാണ് ജുജിറ്റ്സുവിൽ കണക്കാക്കുന്നത്. കൂടാതെ കത്തി, വാൾ, വടി എന്നിവ ഉപയോഗിച്ച് എതിരാളിയെ നേരിടുന്ന ആയോധനമുറയും ജുജിറ്റ്സുവിന്റെ ഭാഗമാണ്.

കളരിപ്പയറ്റ് മുറകളോട് സാമ്യമുള്ള ചുവടുകളും ചലനങ്ങളും ജുജിറ്റ്സുവിലുമുണ്ട്. സ്ത്രീസുരക്ഷപ്രശ്നങ്ങൾ രൂക്ഷമാവുന്ന കാലത്ത് ജുജിറ്റ്സുവിനെ ജീവിതത്തിന്റെ ഭാഗമാക്കാൻ തീരുമാനിച്ചിരിക്കുകയാണ് ഈ പെൺകൂട്ടം.



► മെഡൽ ജേതാക്കൾ അധ്യാപകർക്കൊപ്പം.

# സിഇടി കോളേജ് പ്രശ്നം: സർവകലാശാല ഇടപെടണം- എസ്എഫ്ഐ

**കോലഞ്ചേരി** > ഐരാപുരം സിഇടി കോളേജ് പ്രശ്നത്തിൽ സർവകലാശാല ഇടപെടണമെന്ന് എസ്എഫ്ഐ ആവശ്യപ്പെട്ടു. മൂന്നുമാസമായി ഇവിടുത്തെ അധ്യാപകർക്ക് ശമ്പളം ലഭിക്കാതെ വന്നതോടെയാണ് പ്രതിസന്ധിയുണ്ടായത്. ഇതോടെ ക്ലാസുകൾ മുടങ്ങുകയും പഠനം തടസ്സപ്പെടുകയുംചെയ്തു. ഇതിനിടയിൽ ഫെഡറൽ ബാങ്ക് കോളേജ് ജപ്തി ചെയ്തതായും അറിയിച്ചു. മൂവായിരത്തിലധികം വിദ്യാർഥികളുടെ ഭാവിയാണ് അവതാളത്തിലായത്. എസ്എഫ്ഐ ഉൾപ്പെടെയുള്ള സംഘടനകൾ സമരവുമായി രംഗത്തു വന്നതോടെ അധ്യാപകർക്ക് ശമ്പളം നൽകാമെന്ന് അറിയിച്ചെങ്കിലും വാക്കുപാലിച്ചില്ല. ഇക്കാര്യത്തിൽ സർവകലാശാല ഇടപെടണമെന്ന് ഏരിയ സെക്രട്ടറി അമൽ ഷൈജു ആവശ്യപ്പെട്ടു.



► ഡൽഹിയിൽ നടന്ന നാഷണൽ ജുജിറ്റ്സു ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത എംഇഎസ് കോളേജിലെ വിദ്യാർഥികൾ പ്രിൻസിപ്പലിനൊപ്പം

# മാറമ്പിള്ളി കോളേജിന് അഭിമാനനേട്ടം

**പെരുമ്പാവൂർ** > ഡൽഹി തൽക്കത്തോറ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന നാഷണൽ ജുജിറ്റ്സു ചാമ്പ്യൻഷിപ്പിൽ ഏഴു സ്വർണവും രണ്ടു വെള്ളിയും രണ്ടു വെങ്കലവും കരസ്ഥമാക്കി മാറമ്പിള്ളി എംഇഎസ് കോളേജിലെ വിദ്യാർഥികൾ അഭിമാനനേട്ടം കൈവരിച്ചു.

ജാപ്പനീസ് ആയോധന കലയായ ജുജിറ്റ്സുവിൽ കേരളത്തിനുവേണ്ടി 14 പേർ പങ്കെടുത്ത് നേടിയ ഒമ്പതു സ്വർണമെഡലുകളിൽ ഏഴും നേടിയത് ഈ കലാലയത്തിലെ വിദ്യാർഥിനികളാണ്. 2018ലെ ജക്കാർത്ത ഏഷ്യൻഗെയിംസിനുള്ള തയ്യാറെടുപ്പിലാണ് ഇവർ. എൻ കെ കീർത്തന, വി എം അർഷ എന്നിവർ രണ്ടുവീതം ഗോൾഡ് മെഡലുകളും എം നിഷ, കെ വി ഷാനില, വി വി ശരണ്യ എന്നിവർ ഓരോ സ്വർണമെഡലും അനഘ റീജൻ, പി എ പിങ്കുമോൾ ഓരോ വെള്ളി മെഡലുകളും പി ടി രേഖ ഒരു വെങ്കലമെഡലുമാണ് നേടിയത്.

കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ മേധാവിയും കോച്ചുമായ ഹനീഫയാണ് പരിശീലകൻ. അഭിമാനനേട്ടം കൈവരിച്ച ഇവരെ പ്രിൻസിപ്പൽ ഡോ. എ ബിജുവിന്റെ നേതൃത്വത്തിൽ അനുമോദിച്ചു.

## സൗഹൃദ സംഗമം

**പിറവം** > എഫ്എസ്ഇടിഒ നേതൃത്വത്തിൽ പിറവത്ത് സൗഹൃദ സംഗമം സംഘടിപ്പിച്ചു. കെഎസ്ടിഎ സംസ്ഥാന എക്സിക്യൂട്ടീവ് എൻ മാഗി ഉദ്ഘാടനംചെയ്തു. രാജേഷ് പിള്ള അധ്യക്ഷനായി. സുനിൽ കുമാർ, എം കെ രാജു, ഏലിയാസ് മാത്യു, ഷാജി ജോൺ, ജയകുമാർ, ...ൽദോ എം കുര്യാക്കോസ്, ജോഷി വർഗീസ് എന്നിവർ സംസാരിച്ചു.

## ...പ്ടോപ്പ് നൽകി

...ടുമ്പാശേരി > പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്‌സി വിഭാഗത്തിലെ 18 വിദ്യാർഥികൾക്ക് ലാപ്ടോപ്പ് നൽകി. ആനി കുഞ്ഞുമോൻ അധ്യക്ഷയായി. ലാപ്ടോപ്പ് വിതരണ ഉദ്ഘാടനം പ്രസിഡന്റ് മി...ൽദോ നിർവഹിച്ചു.